**കേരള കാർഷികസർവകലാശാല**

**സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി**

പെരുമ്പാവൂർ,ഏറണാകുളം ജില്ല; ടെലിഫോൺ **9447163891**

ഇ മെയിൽ: **amprs@kau.in**; വെബ്സൈറ്റ്: **http://amprs.kau.in**

## <u>ക്വട്ടേഷൻ നോട്ടീസ്</u>

നം. **AMPRS/1500/2025-A1** തീയതി. **ഓടക്കാലി, 22-10-2025**

സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രത്തിൽ **2025** നവംബർ മുതൽ **2026** ഒക്ടോബർ വരെയുള്ള ഒരു വർഷത്തേക്ക് പുരുഷ സെക്യൂരിറ്റി ഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അംഗീകാരമുള്ള സെക്യൂരിറ്റി ഏജൻസികളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കവറിനു പുറത്ത് "പുരുഷ സെക്യൂരിറ്റി ഗാർഡുകളെ നൽകുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതിയിരിക്കണം

**കരാറുകാരന്റെ/ഏജൻസിയുടെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ സംബന്ധിച്ച രേഖകൾ ക്വട്ടേഷനോടൊപ്പം നൽകേണ്ടതാണ്. സ്ഥാപനങ്ങൾ GST രജിസ്ട്രേഷൻ ഉള്ളവ ആയിരിക്കണം. GST നമ്പറും PAN നമ്പറും ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കണം.**

സീൽ ചെയ്ത ക്വട്ടേഷൻ 'പ്രൊഫസർ ആൻറ് ഹെഡ്, സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി' എന്ന വിലാസത്തിൽ **30.10.2025 2.30 pm** മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ **3.00 pm** മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. എറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ മാത്രം സ്വീകരിക്കുന്നതാണ്.

<u>വ്യവസ്ഥകൾ</u>

| | | |
|---|---|---|
| **1** | ജോലി | വാച്ചിങ് ഡ്യൂട്ടി - റോഡിനിരുവശത്തുമുള്ള സ്റ്റേഷൻറെ ഫാമും കെട്ടിടങ്ങളും.<br>(ചുറ്റുമതിലുള്ള **30** ഏക്കർ വിസ്തൃതിയുള്ള സ്ഥാപനത്തിന്റെ കൃഷിത്തോട്ടം, വില്പനകേന്ദ്രം, ഓഫീസ് കെട്ടിടങ്ങൾ, ലബോറട്ടറി, ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടുന്ന ഫാമിൽ റോന്തു ചുറ്റേണ്ടതാണ്) |
| **2** | സമയം | **രാത്രിഡ്യൂട്ടി** (എല്ലാ ദിവസവും): വൈകിട്ട് **5** മണി മുതൽ രാവിലെ **8** വരെ<br><br>**പകൽഡ്യൂട്ടി** (ഞായറാഴ്ചകളിലും ആവശ്യപ്പെടുന്ന മറ്റു അവധി ദിവസങ്ങളിലും) : രാവിലെ **8** മണി മുതൽ വൈകുന്നേരം **5** വരെ |
| **3** | വേതനം | ഒരു മണിക്കൂറിനുള്ള വേതനം (**GST** ഉൾപ്പെടെ) ആണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് |

| | | |
|---|---|---|
| 4 | കാലാവധി | 2 0 2 5 നവംബർ മുതൽ 2026 ഒക്ടോബർ വരെയോ യൂണിവേഴ്സിറ്റി പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെയോ, ഏതാണോ ആദ്യം അതുവരെ. |
| 5 | സെക്യൂരിറ്റി ജോലിക്കാവശ്യമായ യോഗ്യത | പ്രായം: 30 നും 6 5 നും ഇടക്ക് , 7-)o ക്ലാസ് വിദ്യാഭ്യാസം<br>സെക്യൂരിറ്റി ജോലിക്കാവശ്യമായ കായികക്ഷമത |
| 6 | അഭിലഷണീയ യോഗ്യത | മിലിട്ടറി സർവ്വീസ് അല്ലെങ്കിൽ അംഗീകൃത സെക്യൂരിറ്റി ഏജൻസിയിൽ ജോലി ചെയ്തിട്ടുള്ള പരിചയം |
| 7 | ജോലിക്കുള്ള പ്രതിഫലം അല്ലാതെ സർവ്വകലാശാലയിൽ നിന്ന് മറ്റ് അനുകൂല്യങ്ങളോ അവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ല | |
| 8 | നിയമിക്കപ്പെടുന്ന ഏജൻസി 200/- രൂപ സ്റ്റാമ്പ് പേപ്പറിൽ വ്യവസ്ഥകൾ അംഗീകരിച്ച് കരാർ ഒപ്പിടേണ്ടതും 10000/- രൂപ (പതിനായിരം രൂപ) സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതുമാണ്. സെക്യൂരിറ്റി തുക ബാധ്യതകൾ കഴിച്ച് കരാർ കാലാവധി കഴിഞ്ഞ ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ . | |
| 9 | വാച്ചിങ് ഡ്യൂട്ടിക്ക് മുടക്കം വരാൻ പാടുള്ളതല്ല. ഡ്യൂട്ടിയിൽ ഉള്ളയാൾ ലീവാകുന്ന പക്ഷം പകരം സെക്യൂരിറ്റി ഏജൻസി വഴി തന്നെ ആളെ അയയ്ക്കേണ്ടതാണ്. | |
| 10 | ഓരോ സെക്യൂരിറ്റി ഏജൻസിയും വാച്ചിങ് ഡ്യൂട്ടിക്ക് ആളുകളെ നിയോഗിച്ചിട്ടുള്ള / ഇപ്പോൾ നിയോഗിച്ചുകൊണ്ടിരിക്കുന്ന മൂന്ന് സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ വിലാസം, ഫോൺ നമ്പർ എന്നിവ സമർപ്പിക്കേണ്ടതാണ്. | |
| 11 | സെക്യൂരിറ്റിക്ക് എത്തുന്നവരുടെ തിരിച്ചറിയൽ രേഖകൾ കരാറുകാരൻ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്.<br>സെക്യൂരിറ്റി ഗാർഡുകൾ ക്രിമിനൽ കേസ്, കുറ്റകൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല എന്ന സത്യവാങ്മൂലം അവരിൽനിന്നും ശേഖരിച്ച് സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്. | |
| 12 | കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സേവനത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തേണ്ടതാണ്.<br>നിയോഗിച്ച ആളുടെ വാച്ചിങ് ഡ്യൂട്ടി തൃപ്തികരമല്ലെങ്കിൽ പുതിയ ആളെ അയക്കേണ്ടതാണ് .<br>ആളുടെ പെരുമാറ്റദൂഷ്യം, അശ്രദ്ധ, ഡ്യൂട്ടിയിലുള്ള വീഴ്ച്ച എന്നിവമൂലം സ്ഥാപനത്തിന് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ഏജൻസി ഉത്തരവാദിത്വം ഏൽക്കേണ്ടതും യൂണിവേഴ്സിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം കരാറുകാരൻ നികത്തേണ്ടതുമാണ്.<br>സേവനം തൃപ്തികരമല്ലെങ്കിൽ കാരണം കാണിക്കാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ സെക്യൂരിറ്റി തുക സ്ഥാപനത്തിന് മുതൽ കൂട്ടുന്നതുമാണ്. | |
| 13 | യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ അസ്ഥിരപ്പെടുത്തുന്നതിനും നിർത്തിവയ്ക്കുന്നതിനും സ്റ്റേഷൻ മേധാവിക്ക് അധികാരമുണ്ടായിരിക്കും. | |
| | | |

| | |
|---|---|
| 14 | കരാറുകാരൻ **Individual** ആണെങ്കിൽ വേതനത്തിൽ നിന്ന് 1% ഇൻകംടാക്സും അല്ലാത്ത പക്ഷം 2% ഇൻകംടാക്സും കിഴിവ് ചെയ്യുന്നതായിരിക്കും.<br>സർക്കാർ കാലാ കാലങ്ങളിൽ നടപ്പിലാക്കുന്ന മറ്റ് നികുതികളും ഒടുക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. |
| 15 | സെക്യൂരിറ്റി ഗാർഡുകളുടെ നിയന്ത്രണചുമതല ഒഴിച്ച് നിയമപരമായും അല്ലാതെയുമുള്ള എല്ലാ ബാധ്യതകളും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും |
| 16 | ഒരു മാസത്തെ സേവനത്തിനുശേഷം പ്രൊഫസർ ആൻറ് ഹെഡ്, സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലിയുടെ പേരിൽ ഇൻവോയ്സ് നൽകുന്ന മുറയ്ക്ക് ഇൻവോയ്സിൽ നിന്നും നിയമാനുസൃത ടാക്സുകൾ പിടിച്ചതിനു ശേഷം ബാങ്ക് പേയ്മെൻറ് നടത്തുന്നതാണ്. ഇതിനായി ക്വട്ടേഷൻ ഏതു പേരിലാണോ സമർപ്പിക്കുന്നത് ആ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ കോപ്പി നല്കേണ്ടതാണ്. |
| 17 | ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ലഭ്യമാണ്. ഫോൺ നമ്പർ: **9744469876** |

Signed by
Ancy Joseph
Date: 22-10-2025 12:12:43

Dr. Ancy Joseph
PROFESSOR AND HEAD

സ്വീകർത്താവ്: നോട്ടീസ് ബോർഡ്
പകർപ്പ് : പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷിഭവൻ നോട്ടീസ് ബോർഡുകൾ,
സമീപത്തുള്ള സെക്യൂരിറ്റി ഏജൻസികൾ, ഫാം മാനേജർ.